Talented Bankers Literary Panel
പുസ്തക പരിചയം 248

മോഡസ് ഓപ്പറാണ്ടി
റിഹാൻ റാഷിദ്

പരിചയപ്പെടുത്തുന്നത്,
അമിത് കുമാർ,
ഫെഡറൽ ബാങ്ക്,
ഹെഡ് ഓഫീസ്,
ആലുവ.

ഒന്നിനു പിറകെ ഒന്നായി നടക്കുന്ന മൂന്നു കൊലപാതകങ്ങൾ. മൂന്നും സമാന സ്വഭാവത്തിലുള്ളവ. ചുമ്മാ കൊല്ലുക മാത്രമല്ല കൊലയാളി ചെയ്തിരിക്കുന്നത്, മറിച്ച് തന്റെ ഇരകളുടെ ശരീരം കീറിമുറിച്ച് മാംസപേശികളും രക്തധമനികളും മറ്റും ഇഴകീറി പരിശോധിക്കുകയും ചെയ്തിട്ടുണ്ട്. ഒരു സൈക്കോപാത് ആണോ കൊലയാളി ? അതോ പ്രതികാരമോ? അതുമല്ലെങ്കിൽ ഏതോ ആചാരത്തിന്റെ ഭാഗമായണോ ഇതെല്ലാം ചെയ്തിരിക്കുന്നത്?

ഇപ്പറഞ്ഞതൊക്കെയാണ് മോഡസ് ഓപ്പറാണ്ടിയുടെ പശ്ചാത്തലം. മൂകനായ മുരുകൻ, തീയേറ്റർ ജോലിക്കാരനായ ദേവൻ, ഡോക്ടറായ സയ്യിദ് എന്നിവരാണ് കൊല്ലപ്പെട്ടവർ.

ദേവന്റെ ജ്യേഷ്ഠൻ സതീഷ്, സയ്യിദിന്റെ അനുജൻ ഡോ.ആദിൽ, തുടങ്ങിയവരാണ് സംശയത്തിന്റെ നിഴലിലുള്ളത്.

ലോക്കല് പോലീസ് ഉപേക്ഷിച്ചിടത്ത് ക്രൈം ബ്രാഞ്ചിന്റെ സ്പെഷൽ ടീം നടത്തുന്ന അന്വേഷണമാണ് നോവലിൽ ചിത്രീകരിച്ചിരിക്കുന്നത്. പല കാരണങ്ങളാൽ പരസ്പരം വിശ്വാസമില്ലാത്ത ഒരു കൂട്ടം ആളുകളാണ് യഥാർഥത്തിൽ അന്വേഷണ സംഘം.

ഡേവിഡ് നൈനാൻ എന്ന പ്രശസ്ത നോവലിസ്റ്റിനോട് അപരിചിതനായ ഒരു വ്യക്തി പറയുന്ന കഥയായിട്ടാണ് നോവൽ
അവതരിപ്പിച്ചിരിക്കുന്നതെങ്കിലും, ‘ഞാൻ തന്നെയാണ് മൂന്നു പേരെയും കൊന്നത്’ എന്ന വാചകത്തിലൂടെയാണ് നോവൽ തുടങ്ങുന്നത്. കൊലയാളിയുടെ വാചകങ്ങൾ തന്നെയാണ് ഇവ. തുടക്കത്തിൽ മാത്രമല്ല ഈയൊരു പുതുമ. കൊലയാളി എങ്ങനെയാണ് കൊല്ലുന്നത്, എന്തിനാണു കൊല്ലുന്നത് തുടങ്ങിയ വിവരങ്ങൾ കൊലയാളിയുടെ വാക്കുകളിൽ തന്നെ അനുവാചകർക്ക് വ്യക്തമാവുന്ന നൂതനമായൊരു ശൈലിയാണ് എഴുത്തുകാരൻ സ്വീകരിച്ചിരിക്കുന്നത്.

അന്വേഷണ ഉദ്യോഗസ്ഥരുടേയും, കുറ്റവാളികളെന്നു സംശയിക്കുന്ന വ്യക്തികളുടേയും വീക്ഷണകോണിലൂടെയാണ് കഥ പറഞ്ഞുപോവുന്നത് എന്നതിനാൽ ഒരൽപം സൂക്ഷ്മമായ വായന തന്നെ മോഡസ് ഓപ്പറാണ്ടി ആവശ്യപ്പെടുന്നുണ്ട്.

കൊലയാളിയുടെ വാക്കുകളിലൂടെയാണ് നോവൽ ആരംഭിക്കുന്നതെങ്കിലും അതാരാണ് എന്നറിയാൻ 150 പേജുകളോളം കടന്നേ പറ്റൂ. ഈ യാത്രയാവട്ടെ അത്യന്തം ഉദ്വേഗജനകവും അപ്രതീക്ഷിതമായ പരിസമാപ്തിയിലുമാണ് വായനക്കാരനെ എത്തിക്കുന്നത്.

ആരാണ് ഡേവിഡ് നൈനാനോട് കഥ പറയുന്ന അപരിചിതൻ, എന്താണ് അയാളുടെ ഉദ്ദേശ്യം എന്നതും നോവലിന്റെ അവസാനം വെളിപ്പെടുന്നു.

ക്രൈം ത്രില്ലർ ഗണത്തിൽ പെട്ട മറ്റൊരു മികച്ച നോവലാണ് മോഡസ് ഓപ്പറാണ്ടി എന്ന് നിസ്സംശയം പറയാം.

ലോഗോസ്
വില 180